പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1742 14.12.2012 – ൽ മറുപടിക്കുണ്ടായിരുന്നത്.

അനാഥാലയങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

ചോദ്യം
ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം
ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ; | (എ) | കേന്ദ്ര മിനിസ്റ്റി ഓഫ് വിമൺ & ചൈൽഡ് ഡെവലപ്മെന്റിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ ദത്തെടുക്കൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ 7-ാം ചട്ടം അനുസരിച്ച് ദത്തെടുക്കലിനുള്ള നടപടി ക്രമങ്ങൾ താഴെപ്പറയുന്നു.<br>1. ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കൾ അവരുടെ താമസസ്ഥലത്തിന് അടുത്തുള്ള സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>2. വിദേശത്തുള്ള മാതാപിതാക്കൾ CARA യുടെ അംഗീകാരമുള്ള വിദേശത്തുള്ള ആതറൈസ്ഡ് ഫോറിൻ അഡോപ്ഷൻ ഏജൻസികൾ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ ഇന്ത്യൻ ഹൈക്കമ്മീഷൻ മുഖേനയോ ഇന്ത്യൻ എംബസി മുഖേനയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>3. രജിസ്റ്റർ ചെയ്തതിനു ശേഷം പ്രസ്തുത അഡോപ്ഷൻ ഏജൻസി മാതാപിതാക്കളെ സംബന്ധിച്ച ഹോം സ്റ്റഡി നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| | | | 4. തുടർന്ന് മാതാപിതാക്കൾക്ക് അനുയോജ്യമായ കുട്ടിയെ അവർക്ക് കാണിച്ചുകൊടുക്കുന്നു. ഇതിനെ റഫറൽ എന്നു പറയുന്നു. റഫറൽ അംഗീകരിക്കുന്ന സാഹചര്യത്തിൽ കുട്ടിയെ പ്രീ അഡോപ്ഷൻ ഫോസ്റ്റർ കെയറിന് വിട്ട് കൊടുക്കുന്നു.<br>5. തുടർന്ന് ജില്ലാ കോടതിയിൽ അപേക്ഷ സമർപ്പിക്കുകയും കോടതി ദത്തു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. |
| (ബി) | സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ എത്ര അനാഥാലയങ്ങൾ ഉണ്ട്; അവ എവിടെയൊക്കെ; അവയിൽ എത്ര കുട്ടികൾ ഉണ്ട്; വ്യക്തമാക്കുമോ; | (ബി) യും (സി) യും | സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി കുട്ടികളുടെ 1131 സ്ഥാപനങ്ങളടക്കം 2064 സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>സാമൂഹ്യനീതി വകുപ്പിനു കീഴിൽ വ്യക്തികളും, സംഘടനകളും നടത്തുന്ന അനാഥാലയങ്ങളിൽ നിലവിലുള്ള കുട്ടികളുടെ എണ്ണം താഴെപ്പറയുന്നു.<br><br>തിരുവനന്തപുരം - 4141<br>കൊല്ലം - 2105<br>പത്തനംതിട്ട - 1288<br>ആലപ്പുഴ - 1782<br>കോട്ടയം - 3539<br>ഇടുക്കി - 2000<br>എറണാകുളം - 5699<br>തൃശ്ശൂർ - 5505<br>പാലക്കാട് - 4477<br>മലപ്പുറം - 7242<br>കോഴിക്കോട് - 4874<br>വയനാട് - 2403<br>കണ്ണൂർ - 2563<br>കാസർഗോഡ് - 2009 |
| (സി) | വ്യക്തികളും സംഘടനകളും നടത്തുന്ന എത്ര അനാഥാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഓരോന്നിലും എത്ര കുട്ടികൾ ഉണ്ട്; വ്യക്തമാക്കുമോ; | | |
| (ഡി) | വ്യക്തികളും സംഘടനകളും നടത്തുന്ന അനാഥാലയങ്ങളെക്കുറിച്ചും ഇവയുടെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ചും ഇവിടെ | (ഡി) | സംസ്ഥാന സർക്കാർ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾക്ക് രണ്ട് വർഷക്കാലത്തേക്കാണ് അഡോപ്ഷൻ ലൈസൻസ് നൽകുന്നത്. ആയത് |

| | | | |
|---|---|---|---|
| | നിന്നും ദത്തു നൽകുന്ന കുട്ടികളെക്കുറിച്ചും എന്തെങ്കിലും അന്വേഷണം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്താൻ തയ്യാറാകുമോ? | | നൽകുന്നതിനും പുതുക്കുന്നതിനും മുന്നോടിയായി ജില്ലാ പ്രൊബേഷൻ ഓഫീസർ മുഖേന നേരിട്ട് അന്വേഷണം നടത്തി റിപ്പോർട്ട് ശേഖരിക്കാറുണ്ട്. പ്രസ്തുത അന്വേഷണത്തിൽ സ്ഥാപനത്തിന്റെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ചും അന്വേഷിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**